# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **1965** | 08.03.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക് സേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഹൈബി ഈഡൻ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, എം. വിൻസെന്റ്<br>,, വി.ടി.ബൽറാം | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി. നടപ്പാക്കിയപ്പോൾ 2015-16 ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷികവർദ്ധനവ് കൂടി കണക്കാക്കിയിട്ടാണോ 2017-18 ൽ സംസ്ഥാനത്തിന് അർഹതപ്പെട്ട ദ്വൈമാസ തുക നിശ്ചയിച്ചതെന്ന് വ്യക്തമാക്കുമോ; ആയത് പ്രകാരം സംസ്ഥാനത്തിന് ഈ സാമ്പത്തികവർഷം കേന്ദ്രസർക്കാരിൽ നിന്ന് എന്ത് തുക ലഭിച്ചുവെന്ന് അറിയിക്കുമോ; | (എ) യും (ബി) യും | അതെ. 2015-16 ലെ കളക്ഷന്റെ 14% വാർഷിക വർദ്ധനവ് കണക്കിൽ 2017-18 ൽ കേരളത്തിന് അർഹതപ്പെട്ട ദ്വൈമാസ തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതനുസരിച്ച് ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ടു ഗഡുക്കളായി ജൂലൈ- ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. നവംബർ-ഡിസംബർ മാസങ്ങളിലേത് ഇതുവരെ ലഭ്യമായിട്ടില്ല. ഇതുകൂടാതെ വിതരണം ചെയ്യപ്പെടാതെ കിടക്കുന്ന ഐ.ജി.എസ്.ടി ക്രെഡിറ്റിന്റെ ഒരു വിഹിതമായി 736 കോടി രൂപ 10 തവണകളായി ഐ.ജി.എസ്.ടി ക്രെഡിറ്റ് സെറ്റിൽമെന്റിൽ നിന്നും തിരിച്ചുപിടിക്കുമെന്ന വ്യവസ്ഥയിൽ ഫെബ്രുവരിയിൽ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. അതേ സമയം ബജറ്റിൽ വിഭാവനം ചെയ്യുന്ന നികുതി വരുമാന വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. വരവും ചെലവും തമ്മിലുള്ള |
| (ബി) | പ്രസ്തുത തുക കൃത്യമായ കാലയളവിൽ കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ജി.എസ്.ടി. നടപ്പിലാക്കിയത് മൂലം വരുമാനനഷ്ടമുണ്ടായതിനാലാണ് സാമ്പത്തിക പ്രതിസന്ധി ഉണ്ടായതെന്നുള്ള പ്രചരണങ്ങൾ വസ്തുതാപരമാണോയെന്ന് വ്യക്തമാക്കുമോ; | | |

<table>
<tr><td></td><td></td><td></td><td>സന്തുലിതാവസ്ഥ കൈവരിക്കാൻ കഴിയാത്തതിന് ഇതും കാരണമായിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>ചരക്ക് സേവന നികുതിയുടെ ഭാഗമായി എസ്.ജി.എസ്.ടി.യുടെ വിഹിതം മാസത്തിന്റെ പകുതിക്ക് ശേഷവും ഐ.ജി.എസ്.ടി.യുടെ വിഹിതം മാസാവസാനവും സംസ്ഥാനത്തിന് കൃത്യമായി ലഭിക്കാറുണ്ടോ;</td><td>(സി)</td><td>ചരക്കുസേവന നികുതിയുടെ ഭാഗമായ എസ്.ജി.എസ്.ടി യുടെ വിഹിതം സംസ്ഥാനത്തിന് നേരിട്ട് ലഭിക്കുന്നതാണ്. ഐ.ജി.എസ്.ടി വിഹിതം മാസാവസാനം സംസ്ഥാനത്തിന് ലഭിക്കുന്നുണ്ട്.</td></tr>
<tr><td>(ഡി)</td><td>ജി.എസ്.ടി. നടപ്പിലാക്കിയശേഷം ഓരോ ഇനത്തിലും ലഭിച്ച തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ?</td><td>(ഡി)</td><td>
<table>
<tr><th>മാസം</th><th>എസ്.ജി.എസ്.ടി (തുക കോടിയിൽ)</th><th>എസ്.ജി.എസ്.ടി അടയ്ക്കുന്നതിനുപയോഗിച്ച ഐ.ജി.എസ്.ടി ക്രെഡിറ്റ് (തുക കോടിയിൽ)</th></tr>
<tr><td>ആഗസ്റ്റ്</td><td>716.47</td><td>451.74</td></tr>
<tr><td>സെപ്റ്റംബർ</td><td>807.05</td><td>763.46</td></tr>
<tr><td>ഒക്ടോബർ</td><td>740.47</td><td>822.64</td></tr>
<tr><td>നവംബർ</td><td>610.3</td><td>801.36</td></tr>
<tr><td>ഡിസംബർ</td><td>600.51</td><td>795.95</td></tr>
<tr><td>ജനുവരി</td><td>700.39</td><td>826.00</td></tr>
</table>
</td></tr>
</table>

**സെക്ഷൻ ഓഫീസർ**